അധ്യായം 82

## അൽഇൻഫിത്വാർ (പൊട്ടിപ്പിളരൽ)

അവതരണം മക്കയിൽ, സൂക്തങ്ങൾ 19

**അദ്ധ്യായ പരിചയം:**
**അന്ത്യനാളിനെയും പരലോകത്തിലെ രക്ഷാശിക്ഷകളെയും പരാമർശിച്ചു അവതരിച്ച ഒരു അദ്ധ്യായമാണിത്. ഭൂഗോളത്തെ മുഴുവൻ ഒരേ സമയം തകിടം മറിക്കുന്ന അതിഭീകരമായ പ്രകമ്പനത്തെ ഈ അധ്യായത്തിൽ വർണിച്ചിരിക്കുന്നു. അത് മനുഷ്യനെ ഓർമപ്പെടുത്തുന്നു, ദൈവത്തിൻെറ പ്രതിനിധിയായ മനുഷ്യാ, നിന്നെ പടച്ചത് യുക്തിമാനും ശക്തനുമായ അല്ലാഹുവാകുന്നു. ചില മൂലകങ്ങൾ പരസ്പരം ചേർന്നു യാദൃഛികമായി മനുഷ്യനായി ത്തീർന്നതല്ല. നിനക്കു ലഭിച്ച അധികാര-സ്വാതന്ത്ര്യങ്ങൾ എങ്ങനെ വിനിയോഗിച്ചുവെന്ന് വിചാരണ ചെയ്യപ്പെടുക തന്നെ ചെയ്യും. നിൻെറ ഓരോ ചലനത്തിൻെറയും കർമരേഖ ഒരു മേൽനോട്ടക്കാരൻ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്.**

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

إِذَا ٱلسَّمَآءُ ٱنفَطَرَتۡ ﴿١﴾ وَإِذَا ٱلۡكَوَاكِبُ ٱنتَثَرَتۡ ﴿٢﴾ وَإِذَا ٱلۡبِحَارُ
فُجِّرَتۡ ﴿٣﴾ وَإِذَا ٱلۡقُبُورُ بُعۡثِرَتۡ ﴿٤﴾ عَلِمَتۡ نَفۡسٞ مَّا قَدَّمَتۡ وَأَخَّرَتۡ
﴿٥﴾ يَٰٓأَيُّهَا ٱلۡإِنسَٰنُ مَا غَرَّكَ بِرَبِّكَ ٱلۡكَرِيمِ ﴿٦﴾ ٱلَّذِي خَلَقَكَ
فَسَوَّىٰكَ فَعَدَلَكَ ﴿٧﴾ فِيٓ أَيِّ صُورَةٖ مَّا شَآءَ رَكَّبَكَ ﴿٨﴾
كَلَّا بَلۡ تُكَذِّبُونَ بِٱلدِّينِ ﴿٩﴾ وَإِنَّ عَلَيۡكُمۡ لَحَٰفِظِينَ ﴿١٠﴾ كِرَامٗا
كَٰتِبِينَ ﴿١١﴾ يَعۡلَمُونَ مَا تَفۡعَلُونَ ﴿١٢﴾ إِنَّ ٱلۡأَبۡرَارَ لَفِي نَعِيمٖ ﴿١٣﴾ وَإِنَّ
ٱلۡفُجَّارَ لَفِي جَحِيمٖ ﴿١٤﴾ يَصۡلَوۡنَهَا يَوۡمَ ٱلدِّينِ ﴿١٥﴾ وَمَا هُمۡ عَنۡهَا بِغَآئِبِينَ
﴿١٦﴾ وَمَآ أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ ﴿١٧﴾ ثُمَّ مَآ أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ ﴿١٨﴾ يَوۡمَ
لَا تَمۡلِكُ نَفۡسٞ لِّنَفۡسٖ شَيۡـٔٗاۖ وَٱلۡأَمۡرُ يَوۡمَئِذٖ لِّلَّهِ ﴿١٩﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ആകാശം പൊട്ടിപ്പിളരുമ്പോൾ,
2. നക്ഷത്രങ്ങൾ ചിന്നിച്ചിതറുമ്പോൾ,
3. കടലുകൾ പിളർക്കപ്പെടുമ്പോൾ,
4. കുഴിമാടങ്ങൾ കീഴ്മേൽ മറിക്കപ്പെടുമ്പോൾ,
5. ഓരോ ആത്മാവും താൻ മുൻകൂട്ടി ചെയ്തതും പിന്തിച്ചതും എന്തെന്നറിയും.
6. അല്ലയോ മനുഷ്യാ, അത്യുദാരനായ നിൻെറ നാഥൻെറ കാര്യത്തിൽ നിന്നെ വഞ്ചിതനാക്കിയത് എന്താണ്?
7. നിന്നെ സൃഷ്ടിച്ചു, എന്നിട്ട് ക്രമപ്പെടുത്തി, അങ്ങനെ സംതുലിതമാക്കുകയും

ചെയ്തവനാണവൻ.

8. അവൻ ഉദ്ദേശിച്ച വിധം നിന്നെ ഘടിപ്പിച്ചു.
9. അല്ല, എന്നാൽ നിങ്ങൾ പ്രതിഫലദിനത്തെ കളവാക്കുന്നു.
10. നിശ്ചയം നിങ്ങൾക്ക് മേൽനോട്ടക്കാരെ നിശ്ചയിച്ചിട്ടുണ്ട്.
11. ആദരണീയരായ എഴുത്തുകാർ.
12. നിങ്ങൾ ചെയ്യുന്നതൊക്കെ അവർ അറിയുന്നു.
13. സദ്കർമ്മികൾ തീർച്ചയായും സുഖാനുഗ്രഹങ്ങളിലായിരിക്കും.
14. നിശ്ചയം, കുററവാളികൾ ആളിക്കത്തുന്ന നരകത്തീയിലുമാണ്.
15. വിധിദിനത്തിൽ അവരതിലെത്തുന്നതാണ്.
16. അവർ അതിൽ നിന്നും അപ്രത്യക്ഷരാവുകയില്ല.
17. വിധിദിനം എന്തെന്ന് നിനക്കെന്തറിയാം?
18. വീണ്ടും; വിധിദിനം എന്തെന്ന് നിനക്കെന്തറിയാം?
19. ഒരാൾക്കും മറെറാരാൾക്കു വേണ്ടി ഒന്നും ചെയ്യാനാവാത്ത ദിനമാണത്, അന്ന് തീരുമാനാധികാരമൊക്കെ അല്ലാഹുവിന് മാത്രമായിരിക്കും.

## വിശദീകരണം:

ലോകാന്ത്യത്തിൻെറ ഭീകരതയെ പരാമർശിച്ചുകൊണ്ടാണ് ഈ അദ്ധ്യായം തുടങ്ങുന്നത്. ആദ്യത്തെ മൂന്ന് വചനങ്ങളിൽ പറഞ്ഞ ഭീകരതയുടെ സ്വഭാവം അവയുടെ സ്രഷ്ടാവായ അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. നമ്മുടെ നിഗമനങ്ങൾക്കും കണക്ക് കൂട്ടലുകൾക്കും അപ്പുറമാണല്ലോ അവൻെറ പദ്ധതികൾ. നാലാം വചനത്തിലെ പരാമർശമാകട്ടെ, മനുഷ്യരൊക്കെ തങ്ങളുടെ കുഴിമാടങ്ങളിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുന്നതിനെപ്പറ്റി സൂചിപ്പിക്കുന്നു. അന്ന് അവൻ ആദ്യം ചെയ്തതും പിന്നീട് ചെയ്തതുമായ എല്ലാ കർമങ്ങളെയും അതിൻെറ പ്രതിഫലനങ്ങളെയും അവൻ കാണുന്നതാണ്. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ച ശേഷം മനുഷ്യൻെറ ധിക്കാരത്തിലേക്കും പരലോകനിഷേധത്തിലേക്കും വിരൽചൂണ്ടി ഖുർആൻ ചോദിക്കുന്നു: അല്ലയോ മനുഷ്യാ, ഏറ്റവും ഉത്തമമായ രീതിയിൽ നിന്നെ സൃഷ്ടിക്കുകയും നിനക്ക് ആവശ്യമായതെല്ലാം തന്ന് നിന്നെ ആദരിച്ച അത്യുദാരനായ അല്ലാഹുവിൻെറ ആജ്ഞകൾ പാലിച്ചു ജീവിക്കുന്നതിൽ ആരാണ് നിന്നെ വഞ്ചിതനാക്കിയത്? നീ തെറ്റുകൾ ചെയ്ത് ജീവിക്കുമ്പോഴും അവനാണല്ലോ നിനക്ക് ആവശ്യമായ സംവിധാനങ്ങൾ ചെയ്തു തന്ന് നിന്നെ അനുഗ്രഹിച്ചത്. ഇതത്രെ ആറ് മുതൽ എട്ട് വരെയുള്ള വചനങ്ങളുടെ പ്രതിപാദ്യം.

ഒമ്പത് മുതൽ പന്ത്രണ്ട് വരെയുള്ള വചനങ്ങളിൽ പ്രതിപാദിക്കുന്ന കാര്യം ഇതത്രെ: പരലോകത്തെ സംബന്ധിച്ച് മനുഷ്യൻ തികഞ്ഞ നിഷേധത്തിലാണ്. അവരത് നിഷേധിക്കട്ടെ വിശ്വസിക്കട്ടെ ഏതവസ്ഥയിലായാലും അവരുടെ കർമങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് ആദരണീയരായ മാലാഖമാർ അത് രേഖപ്പെടുത്തിവെക്കുന്നുണ്ട്. അവരിൽനിന്ന് ഒന്നും മറച്ചുവെക്കാൻ മനുഷ്യർക്ക് സാധിക്കില്ല. അവരുടെ രേഖപ്പെടുത്തൽ നീതിപൂർവകമാണ്. അതാണ് ഓരോരുത്തരുടെയും കർമപുസ്തകം. അതിൻെറ അടിസ്ഥാനത്തിൽ മനുഷ്യർ സജ്ജനങ്ങളെന്നും ദുർജനങ്ങളെന്നും രണ്ട് വിഭാഗമായി തിരിക്കപ്പെടുന്നു. പതിമൂന്ന് മുതൽ അദ്ധ്യായത്തിൻെറ അവസാനം വരെയുള്ള പ്രതിപാദ്യം അതാണ് സൂചിപ്പിക്കുന്നത്. അതായത്, നന്മ ചെയ്തവർ നിത്യാനന്ദാനുഗ്രഹങ്ങളിലാകുന്നു. ദുഷ്കർമികൾ അതിൻെറ ഉത്തരവാദികൾ അവരായതിനാൽ അവരുടെ സങ്കേതം നരകമാകുന്നു. അവരതിൽ പ്രവേശിക്കുന്നതാകുന്നു. അതിന് നിമിത്തമായ കർമങ്ങളാണല്ലോ അവർ ജീവിതകാലം മുഴുവൻ ചെയ്തിരുന്നത്. അവരോ, ഒരിക്കലും അതിൽനിന്ന് പുറത്തു കടക്കുന്നതല്ല. അവരുടെ ശിക്ഷയിൽ അല്പം പോലും ലഘൂകരണം നല്കപ്പെടുന്നതല്ല, സ്വയം നശിക്കാനുള്ള അവരുടെ തേട്ടത്തിനും അവർക്ക് ഉത്തരം നല്കുന്നതല്ല.

അതോടൊപ്പം ആ ദിനത്തിൻെറ ഭീകരതയെ ഒന്നും കൂടി ബോധ്യപ്പെടുത്തുന്നതിനായി വീണ്ടും ചോദിക്കുന്നു: വിധിദിനമെന്തെന്ന് നിനക്കെന്തറിയാം? ഉടനെ അതിൻെറ ഉത്തരവും പറയുന്നു, ഒരാൾക്കും മറ്റൊരാൾ ഒട്ടും ഉപകരിക്കാത്ത ദിനമാണത്. ഒരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കുകയില്ല. ആ ദിനത്തിൻെറ പൂർണാധികാരം അല്ലാഹുവിൻെറ ഹസ്തത്തിൽ മാത്രം പരിമിതമായിരിക്കും. “വിധി ദിനത്തിനധിപൻ” അല്ലാഹു മാത്രമാണ്.